# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**
**(2016-2017)**

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on September 26, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്

(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

809/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ഡോ. കെ. ടി. ജലീൽ,
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം :</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീമതി പി. അയിഷാ പോറ്റി , എം. എൽ. എ.

ശ്രീ. മഞ്ഞളാംകുഴി അലി, ,,

ശ്രീ. അനിൽ അക്കര, ,,

ശ്രീ. കെ. ആൻസലൻ, ,,

ശ്രീ. കെ. ബാബു, ,,

ശ്രീ. കെ. എസ്. ശബരീനാഥൻ, ,,

ശ്രീ. പി. ഉബൈദുള്ള, ,,

ശ്രീ. പി. വി. അൻവർ, ,,

ശ്രീ. ഇ. കെ. വിജയൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ പരിധിയിൽപ്പെടുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 26, ആഗസ്റ്റ് 4 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ചുവടെ ചേർത്ത ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXI — ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII — നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXXV — പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI — ഗ്രാമവികസനം

ധനാഭ്യർത്ഥന നമ്പർ XXV — ന്യൂനപക്ഷക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2016 ആഗസ്റ്റ് 11-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയസമിതി IX.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

## റിപ്പോർട്ട്

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം പതിനാലാം കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതികൾ രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2016-17 സാമ്പത്തിക വർഷ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ 2016 ജൂലൈ 26, ആഗസ്റ്റ് 4 എന്നീ തീയതികളിൽ യോഗംചേർന്ന് സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ സൂക്ഷ്മപരിശോധനയുടെയും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും, ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി ധനാഭ്യർത്ഥനകൾ വിശകലനം ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII — നഗരവികസനം

വോട്ടു ചെയ്തത്: 13,29,60,51,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2217-05-001-99 —മുഖ്യനഗരാസൂത്രകന്റെ ഓഫീസ് (പദ്ധതിയേതരം)

വിഹിതം : 41345000 (പദ്ധതിയേതരം)

04-4—അവധിയാത്രാനുകൂല്യം

1. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി 04-4-അവധിയാത്രാനുകൂല്യം എന്നയിനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

2. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-1 മോട്ടോർ വാഹനങ്ങൾ, 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

3. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 45-പി.ഒ.എൽ. എന്ന ഇനത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-65 — ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

വിഹിതം :19,04,61,000 (പദ്ധതിയേതരം)

01-4—മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്

4. ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷം വിവിധ ജില്ലാ ഓഫീസുകളിലായി കുടിശ്ശികയായ മെഡിക്കൽ ക്ലെയിമുകൾ ഉൾപ്പെടെ നൽകുന്നതിനുമായി ഈ ഇനത്തിൽ 10,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—അവധി യാത്രാനുകൂല്യം

5. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,00,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ-അറ്റകുറ്റപ്പണികൾ

6. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

7. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—പുതിയ വാഹനം വാങ്ങൽ

8. ജില്ലാ ഓഫീസുകളിൽ പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

9. വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 5 ജില്ലാ ഓഫീസുകളുടെ വാടകയിനത്തിലും മറ്റ് ഓഫീസുകൾക്കുള്ള കെട്ടിട നികുതിയിനത്തിലുമായി 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന്സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-92—നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും

വിഹിതം : 25,00,000 (പദ്ധതി)

10. നഗരകാര്യവകുപ്പിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജി, തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് 30 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-69— രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ

വിഹിതം :50,00,000/(പദ്ധതി)

11. അന്യനാട്ടുകളിൽ നിന്നും തൊഴിലിനായും മറ്റ് ആവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞവരുമാനക്കാർക്ക് രാത്രികാല അഭയ കേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91—മുൻസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന

വിഹിതം:ഇല്ല

12. റിട്ടയർ ചെയ്യുന്ന മുൻസിപ്പൽ ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഓരോ വർഷവും 60 കോടി രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ ഈ ഇനത്തിലുള്ള സമാഹരണം 20 കോടി മാത്രമാണ്. നഗരസഭയുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ള വിഹിതത്തിൽ 181 കോടി രൂപ ബാധ്യതയുള്ളതായും സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV —പഞ്ചായത്ത്

വോട്ടു ചെയ്തത് :10663604000

ചാർജ്ജ് ചെയ്തത് :ഇല്ല

2515-00-001-97—ജില്ലാ ഭരണം

04-1—യാത്രാബത്ത

വിഹിതം :55,00,000 (പദ്ധതിയേതരം)

13. 2015-16-ൽ അനുവദിച്ച തുക തന്നെ അപര്യാപ്തമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. യാത്രാബത്തയിനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പു വർഷത്തെ ചെലവുകൾക്കുമായി ഈ ഇനത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-64—തദ്ദേശഗവൺമെന്റുകൾക്ക് വേണ്ടിയുള്ള ഓംബുഡ്സ് മാൻ

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം :86,000 (പദ്ധതിയേതരം)

14. നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45-പി.ഒ.എൽ.
വിഹിതം :1,66,000 (പദ്ധതിയേതരം)

15. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 1,34,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-63 —തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ

01-4 —മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 88,000 (പദ്ധതിയേതരം)

16. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02—വേജസ്

വിഹിതം :3,46,000 (പദ്ധതിയേതരം)

17. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 1,54,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-1—യാത്രാബത്ത

വിഹിതം :70,000 (പദ്ധതിയേതരം)

18. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 2,80,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04-4—അവധിക്കാല യാത്രാനുകൂല്യം

വിഹിതം :4,000 (പദ്ധതിയേതരം)

19. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 3,96,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3—<u>ടെലിഫോൺ ചാർജ്ജസ്</u>

വിഹിതം :38,000 (പദ്ധതിയേതരം)

20. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ഇനത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

05-4—<u>മറ്റിനങ്ങൾ</u>

വിഹിതം :6,000 (പദ്ധതിയേതരം)

21. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ഇനത്തിൽ 1,61,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21-2—<u>മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം :17,000 (പദ്ധതിയേതരം)

22. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ഇനത്തിൽ 43,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

99—വിവരസാങ്കേതികവിദ്യ

വിഹിതം :1,000(പദ്ധതിയേതരം)

23. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിലേയ്ക്ക് 99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-101-68 —<u>ശുചിത്വകേരളം</u>

വിഹിതം :26,00,00,000 (പദ്ധതി)

24. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മഴക്കാല പൂർവ്വ കാംപെയിൻ ചെലവുകൾക്കായി- 6,96,20,000 രൂപയും, ശുചിത്വമിഷന്റെ ഭരണപരമായ ചെലവുകൾക്കായി-1,00,00,000 രൂപയും, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചെലവുകൾക്കായി-8,00,00,000 രൂപയും, ഉറവിട മാലിന്യ സംസ്കരണ ചെലവുകൾക്കായി-2,00,00,000 രൂപയും ഈ ശീർഷകത്തിലേയ്ക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-86-99—<u>ത്രിതലതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം</u>

വിഹിതം :10,00,00,000 (പദ്ധതി)

25. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിലേയ്ക്ക് 5,50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-003-98 —വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനം

വിഹിതം : 1,000

26. കില വഴി നടപ്പിലാക്കിവരുന്ന പ്രവൃത്തിപരിചയ നൈപുണ്യ പരിശീലന ത്തോടൊപ്പം ജീവനക്കാരുടെ തൊഴിൽസംസ്കാരം പുനർനിർവ്വചിയ്ക്കപ്പെടുന്നവിധം ഉദ്യോഗസ്ഥൻമാരുടെ സമഗ്രപരിശീലന പരിപാടികൾക്കായി ഒരു പരിപാടി പഞ്ചായത്ത് വകുപ്പ് തയ്യാറാക്കേണ്ടതാണ്. അതിൻപ്രകാരമുള്ള ചെലവുകൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-62—തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ

വിഹിതം : 1,000

27. തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുന്ന പരിപാടിയ്ക്ക് പ്രോത്സാഹനമായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-65—നിർമ്മൽ ഭാരത് അഭിയാൻ

വിഹിതം :100,00,00,000 (പദ്ധതി)

28. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേയ്ക്ക് 227,11,18,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(02)—പി. എം. ജി. എസ്. വൈ. പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാനവിഹിതം)

വിഹിതം :70,00,00,000(പദ്ധതി)

29. സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 84,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(03)—പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം)

വിഹിതം:100,00,00,000(പദ്ധതി)

30. സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 81 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ

വോട്ടു ചെയ്തത്:5,86,79,74,000 രൂപ

ചാർജ്ജ് ചെയ്തത് : 1,72,76,35,000 രൂപ

3451-00-101-31—പിന്നോക്ക പ്രദേശ ധനസഹായനിധി

വിഹിതം :5,00,00,000(പദ്ധതി)

31. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 21,31,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVI— ഗ്രാമവികസനം

വോട്ട് ചെയ്യുന്നത് : 30,32,66,40,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 12,000 രൂപ

2515-00-003-50—ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ

06—വാടക, കരം, നികുതി

വിഹിതം : 1,000 (പദ്ധതിയേതരം)

32. കെട്ടിട നികുതിയിനത്തിലെ കടിശ്ശിക ഉൾപ്പെടെയുള്ള ചെലവിനങ്ങൾക്കായി ഈ ശീർഷകത്തിലേയ്ക്ക് 4,78,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്, ഡി.ആർ.ഡി.എ.-യുടെ ഭരണ ചെലവ്

വിഹിതം :10,00,00,000(പദ്ധതി)

33. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേയ്ക്ക് 5,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (കേന്ദ്രവിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി)

2515-00-102-79-34—ഗ്രാമവികസനത്തിനു വേണ്ടിയുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

വിഹിതം :2,00,00,000 (പദ്ധതി)

34. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേയ്ക്ക് 23,44,000 (11,72,000 + 11,72,000) രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-37—പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

വിഹിതം :75,00,00,000 (പദ്ധതി)

35. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 66,64,00,000 (39,98,40,000 + 26,65,60,000) രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് - 34,93,09,49,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2235-60-102-99—അഗതികൾക്കുള്ള പെൻഷൻ

വിഹിതം : 12,77,88,08,000 (പദ്ധതിയേതരം)

36. അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും പെൻഷൻഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 2,41,30,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

വിഹിതം : 6,67,83,09,000/-(പദ്ധതിയേതരം)

37. കർഷക തൊഴിലാളി ക്ഷേമനിധിയിൽ പണം അടയ്ക്കുന്നവർക്ക് പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വിലയിരുത്തി. കർഷക തൊഴിലാളി ക്ഷേമ പെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 18,27,77,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

വിഹിതം : 5,33,05,93,000 ( പദ്ധതി)

38. ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിന് മേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് 1500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 17,20,51,47,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-92—അംഗവൈകല്യമുള്ളവർക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി

വിഹിതം: 4,09,35,23,000 (പദ്ധതിയേതരം)

39. ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 40,16,46,000 രൂപ അധികമായി അനുവദിക്കണമെന്നും മന്ദബുദ്ധി എന്നതിന് പകരം ഭിന്നശേഷിക്കാർ എന്ന് ചേർക്കാൻ വകുപ്പ് ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസിനു മേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

വിഹിതം : 81,39,07,000 (പദ്ധതിയേതരം)

40. ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 14,87,69,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന XXV—ന്യൂനപക്ഷക്ഷേമം

വോട്ടു ചെയ്തത് :30,32,43,31,000 രൂപ

ചാർജ്ജ് ചെയ്തത് :ഇല്ല

2225-04-001-99-04-1— യാത്രാബത്ത

വിഹിതം:1,32,000 (പദ്ധതിയേതരം)

41. നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം:12,00,000 (പദ്ധതിയേതരം)

42. മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനങ്ങളിൽ നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിഹിതം :8,00,00,000 (പദ്ധതിയേതരം)

43. സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കും അപേക്ഷിക്കുവാനുള്ള വരുമാന പരിധി ഉയർത്തിയതിനാൽ മുൻവർഷത്തെക്കാൾ കൂടുതൽ അപേക്ഷകർ ഉണ്ടാകാൻ സാധ്യതയുള്ളതായി സമിതി മനസിലാക്കുന്നു. ആയതിലേക്ക് നിലവിലെ വിഹിതം

പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും കേന്ദ്രഫണ്ട് വിദ്യാഭ്യാസ വകുപ്പ് വഴി നൽകുന്നതിന് പകരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും

വിഹിതം :28,000 (പദ്ധതിയേതരം)

44. വാഹനങ്ങളുടെ പഴക്കം അനുസരിച്ച് അറ്റകുറ്റ പണികൾ കൂടി വരുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99—വിവരസാങ്കേതിക വിദ്യ

വിഹിതം:1,000 (പദ്ധതിയേതരം)

45. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിലുള്ള സ്കൂളുകളിൽ വെർച്വൽ ക്ലാസ് മുറികൾ ആരംഭിക്കാൻ സാധ്യതയുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-800-98—മദ്രസ്സ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി നിക്ഷേപത്തിൻമേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം

വിഹിതം :1000 (പദ്ധതിയേതരം)

46. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നല്കിയ 10 കോടി രൂപ കോഴിക്കോട് ജില്ലാ ട്രഷറിയിൽ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. നടപ്പ് വർഷം ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകി തുടങ്ങേണ്ടതിനാൽ, നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുള്ള ഷെയർ ക്യാപിറ്റൽ

വിഹിതം: 15,00,00,000 (പദ്ധതി)

47. പ്രഖ്യാപിക്കപ്പെട്ട വിവിധ പണികളിലേയ്ക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

വിഹിതം :24,20,000 (പദ്ധതിയേതരം)

48. ജില്ലാ കോൺഫറൻസുകൾ സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 28,30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-31—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം

വിഹിതം :1,36,85,000(പദ്ധതിയേതരം)

49. ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 40,65,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXI— ഭവനനിർമ്മാണം

വോട്ടു ചെയ്തത് : 1528913000 രൂപ

ചാർജ്ജ് ചെയ്തത് : 101000 രൂപ

2216-80-103-99

99 —സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)— സഹായധനം

36—സഹായധനം (ശമ്പളേതരം)

വിഹിതം :82,40,000 (പദ്ധതിയേതരം)

50. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 49,17,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(02)—വർക്കിംഗ്ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വിഹിതം :18,00,000(പദ്ധതിയേതരം)

51. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഒ.റ്റി.എസ് ആനുകൂല്യം

വിഹിതം : ഇല്ല

52. ഒ.റ്റി.എസ് ആനുകൂല്യം നൽകുന്നതിനായി പദ്ധതിയേതരത്തിൽ ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 1,94,60,83,000 രൂപ അനുവദിക്കണമെന്നും തിരിച്ചടവിന് പരമാവധി ഇളവ് അനുവദിച്ച് തിരിച്ചടവ് തുക വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കണമെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലോചിതമായി പരിഷ്കരിച്ച് പരമാവധി ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ ബോർഡ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കൽപ്പറ്റ ഭവന പദ്ധതി

വിഹിതം : ഇല്ല

53. കൽപ്പറ്റ ഭവന പദ്ധതി നടത്തിപ്പിനായി ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 1,98,78,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99(37) :ഗൃഹശ്രീ - ഭവനപദ്ധതി

33)—സബ്സിഡികൾ

വിഹിതം :36,15,00,000 (പദ്ധതി)

54. 18000-ൽപരം സ്പോൺസർമാർ വിഹിതം അടച്ച് കാത്തിരിക്കുന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 1385 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-201-99(06) :വർക്കിംഗ് ക്യാപിറ്റൽ - പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന്

വിഹിതം :ഇല്ല

55. പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 50,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റീഹാബിറ്റേഷൻ പ്രോജക്റ്റ് കോഴിക്കോട് ബംഗ്ലാദേശ് കോളനി

(ഫേസ് II)

വിഹിതം : ഇല്ല

56. റീഹാബിറ്റേഷൻ പ്രോജക്റ്റ് കോഴിക്കോട് ബംഗ്ലാദേശ് കോളനി (ഫേസ് II) എന്ന പദ്ധതിക്കായി ബജറ്റിൽ വിഹിതം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിയ്ക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 2500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-201-95: സാന്ത്വനം ഭവന പദ്ധതി

വിഹിതം :ഇല്ല

57. സാന്ത്വനം വാടക വീട് പദ്ധതിയുടെ ഭാഗമായി 44 യൂണിറ്റുകളുടെ ജോലികൾ പൂർത്തീകരിയ്ക്കുന്നതിനായി ബജറ്റിൽ വിഹിതമൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് 8,50,43,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

98:വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

വിഹിതം :12,00,00,000 (പദ്ധതി)

58. കേന്ദ്ര-സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ പര്യാപ്തമല്ലാത്തതിനാൽ അധികമായി 509 ലക്ഷം രൂപ അനുവദിക്കണമെന്നും എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുവാൻ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2216-80-201-96 :ഹരിപ്പാട് റവന്യൂ ടവർ

വിഹിതം :ഇല്ല

59. പദ്ധതി ചെലവായ 1992 ലക്ഷം രൂപയിൽ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്ന 1707.30 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 2,84,70,000 രൂപ മേൽശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99-38:ട്രെയിനിംഗ് പദ്ധതി

വിഹിതം :70,00,000(പദ്ധതി)

60. ഇ-ഓഫീസ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98(2): സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്തുപണികൾ)

വിഹിതം :3,71,00,000 (പദ്ധതി)

61. നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 27 കോടി 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98(03):സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്തു പണികൾ

വിഹിതം :2,47,00,000 (പദ്ധതി)

62. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(04):സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി -വൻകിട മരാമത്തു പണികൾ

വിഹിതം :ഇല്ല

63. ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേയ്ക്കായി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5,20,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-97 :ടി ആൻറ് പി ഷെയർ ഡെബിറ്റ്

വിഹിതം :9,00,000 (പദ്ധതി)

64. ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-001-99 :ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം :5,60,00,000 (പദ്ധതിയേതരം)

65. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-99 :ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം :1,23,00,000 (പദ്ധതിയേതരം)

66. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-98 )—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്-ചെറുകിട മരാമത്ത് പണികൾ

വിഹിതം : 2,00,00,000 (പദ്ധതിയേതരം)

67. നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-97 —സംരക്ഷണവും അറ്റകുറ്റപ്പണികളും

01 —സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം: 23,20,00,000 (പദ്ധതിയേതരം)

68. നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-052-96—യന്ത്രോപകരണങ്ങളും പണിയായുധങ്ങളും 2059 ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം : 40,00,000 (പദ്ധതിയേതരം)

69. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95 —തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 2,51,00,000 (പദ്ധതിയേതരം)

70. മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതരത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01—സാധാരണ അറ്റകുറ്റപ്പണികളും, 03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും ഉൾപ്പെടെ ആകെ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

വിഹിതം : 1,30,00,000 (പദ്ധതിയേതരം)

71. പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം : 11,00,00,000 (പദ്ധതി)

3,00,00,000 (പദ്ധതിയേതരം)

72. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 'വായ്പ' ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽ നിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പാ ഹെഡ്ഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷന്

വായ്പാ തുക മുതലും പലിശയുമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായി വരുന്നു. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. മേൽ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ "ലോൺ" ശീർഷകത്തിൽ വകയിരുത്തുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-190-99 —കേരള സ്കൂൾ ടീച്ചേഴ്സ് ആൻറ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ

വിഹിതം : ഇല്ല

73. കേരള സ്കൂൾ ടീച്ചേഴ്സ് ആൻറ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പലിശ സബ്സിഡി നൽകുന്നതിനായി 52,65,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2016, ആഗസ്റ്റ് 11.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി IX.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.